## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.05.2025**

### പ്രധാനവാർത്തകൾ

1. സംസ്ഥാനം കടക്കെണിയിൽ അല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കടവും ആഭ്യന്തരവരുമാനവും തമ്മിലുള്ള അനുപാതം കേരളത്തിന് കുറവാണെന്നും മുഖ്യമന്ത്രി.

2. ശബരിമലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടിയെടുക്കാൻ ഹൈക്കോടതി ഉത്തരവ്.

3. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും.

4. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## പി.എം - നിക്ഷേപക ഉച്ചകോടി

വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് രാജ്യത്തെ ഓരോ കോണിലും വികസനം എത്തേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. റൈസിംഗ് നോർത്ത് ഈസ്റ്റ് നിക്ഷേപക ഉച്ചകോടി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വടക്കുകിഴക്കൻ മേഖലയെ അവസരങ്ങളുടെ നാടായി ഉയർത്തിക്കാട്ടുന്നതിനും ആഗോള- ആഭ്യന്തര നിക്ഷേപം ആകർഷിക്കുന്നതിനുമാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ മന്ത്രിതല സെഷനുകൾ, നിക്ഷേപ പ്രോത്സാഹനം സംബന്ധിച്ച് വിവിധ വകുപ്പുകൾ ഏകോപിപ്പിക്കുന്ന പരിപാടികൾ ഉൾപ്പെടെ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 1

## മുഖ്യമന്ത്രി പിണറായി വിജയൻ (ഇൻട്രോ

കേരളത്തിന്റെ കടബാധ്യത സംബന്ധിച്ച് പുറത്തുവരുന്ന പ്രചരണങ്ങളോട് പ്രതികരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനം കടക്കെണിയിൽ അല്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടക്കുന്ന ജില്ലാതല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കടക്കെണി, ആഭ്യന്തര വളർച്ച, വികസനപദ്ധതികൾ എന്നിവ സംബന്ധിച്ച് ഒട്ടേറെ വ്യാജപ്രചരണങ്ങൾ കേരളത്തെക്കുറിച്ച് പുറത്തുവരുന്നുണ്ട്. ആർ ബി ഐ യുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ രണ്ട് വർഷത്തെ കേരളത്തിന്റെ കടവും ആഭ്യന്തരവരുമാനവും തമ്മിലുള്ള അനുപാതം മറ്റു സംസ്ഥാനങ്ങളേക്കാൾ കുറവാണെന്നും അദ്ദേഹം വ്യക്തമാക്കി.
(വോയിസ്)

&&&&&&&&&&&&&&&&&&

PRD TVPM

## ഹെഡ് ലൈൻ - 2

## ശബരിമല - ഹൈക്കോടതി

കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലയളവിൽ ശബരിമലയിലും പരിസര പ്രദേശങ്ങളിലും മാലിന്യം നിക്ഷേപിച്ച വ്യക്തികൾക്കെതിരെ വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടിയെടുക്കാൻ കേരള ഹൈക്കോടതി ഉത്തരവിട്ടു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴിച്ച് രണ്ട് ആനകളും ഗർഭിണിയായ മാനും ചത്തതായി പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഡെപ്യൂട്ടി ഡയറക്ടർ കോടതിയെ അറിയിച്ചിരുന്നു . ഇതിൻറെ പശ്ചാത്തലത്തുലാണ് നടപടി. മാലിന്യം ഭക്ഷിക്കാൻ ആനകൾ ഉൾപ്പടെ കൂട്ടമായി വരുന്ന സാഹചര്യം ഉണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

&&&&&&&&&&&&&&&&&&

RNUTVPM

## ഹെഡ് ലൈൻ - 3

## എൻറെ കേരളം (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സമാപനം ഇന്ന് തിരുവനന്തപുരത്ത് നടക്കും. സംസ്ഥാനതല സമാപന സമ്മേളനം വൈകുന്നേരം 5 മണിക്ക് പുത്തരിക്കണ്ടം മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കനകകുന്നിൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേളയും ഇന്ന് സമാപിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്...**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## എൻറെ കേരളം - ആകാശവാണി

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ടയിൽ സംഘടിപ്പിച്ച 'എന്റെ കേരളം' പ്രദർശന വിപണന കലാമേളയിൽ വിവിധ പുരസ്ക്കാരം നേടിയ സ്റ്റാളുകൾക്കും അച്ചടി, ദൃശ്യ- ശ്രവ്യ മാധ്യമങ്ങൾക്കുമുള്ള

പുരസ്ക്കാരം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് സമ്മാനിച്ചു. ശ്രവ്യ മാധ്യമത്തിനുള്ള പുരസ്കാരം ആകാശവാണിയ്ക്ക് ലഭിച്ചു.

&&&&&&&&&&&&&&&&&&

## ഇ ഡി ഉദ്യോഗസ്ഥൻ - ഹൈക്കോടതി

ഇഡി ഉദ്യോഗസ്ഥനെ പ്രതിയാക്കി വിജിലൻസ് സമർപ്പിച്ച കൈക്കൂലി കേസിൽ ആരോപണം നേരിടുന്ന ശേഖർ കുമാർ മുൻകൂർ ജാമ്യാപേക്ഷയുമായി ഹൈക്കോടതിയെ സമീപിച്ചു. സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതി ചേർക്കപ്പെട്ട ഒരാളുടെ പരാതിയിലാണ് തനിക്കെതിരായ കേസ് എടുത്തിരിക്കുന്നത് എന്ന് ശേഖർ കുമാർ മുൻകൂർ ജാമ്യാപേക്ഷയിൽ ചൂണ്ടിക്കാട്ടി. വിജിലൻസ് പ്രതിചേർത്തത് ദുരുദ്ദേശത്തോടെയാണെന്നും, സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതിചേർക്കപ്പെട്ടവരുമായി ബന്ധപ്പെട്ടിട്ടില്ലെന്നും ജാമ്യാപേക്ഷയിൽ ശേഖർ കുമാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

RNJ TVPM

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

സംസ്ഥാന സർക്കാരിന്റെ സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയെപ്പറ്റിയുള്ള പ്രത്യേക പരിപാടി ദൂരദർശനിൽ നാളെ സംപ്രേക്ഷണം ചെയ്യും. സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണിത്.

&&&&&&&&&&&&&&&&&&

## റാപ്പർ വേടൻ

പ്രധാനമന്ത്രി നരേന്ദ്രമോദിയെ അധിക്ഷേപിച്ച് പാട്ട് പാടിയെന്ന് ചൂണ്ടിക്കാട്ടി റാപ്പർ വേടനെതിരെ പരാതി. പാലക്കാട് നഗരസഭയിലെ ബിജെപി കൗൺസിലർ മിനി കൃഷ്ണകുമാറാണ് കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രിക്ക് പരാതി നൽകിയത്.

&&&&&&&&&&&&&&&&&&

## നാലു വയസ്സുകാരി കേസ്

എറണാകുളത്ത് നാല് വയസ്സുകാരിയെ പുഴയിലെറിഞ്ഞു കൊലപ്പെടുത്തിയ കേസിൽ തെളിവെടുപ്പ് പുരോഗമിക്കുന്നു.

കുട്ടിയുടെ അമ്മയെ തെളിവെടുപ്പിനായി ആദ്യം കുഞ്ഞിനെ ഉപേക്ഷിച്ചെന്ന് പറയപ്പെടുന്ന മൂഴിക്കുളം പാലത്തിൽ എത്തിക്കും.

&&&&&&&&&&&&&&&&&&

## എലൈറ്റ് സ്കീം

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും എലൈറ്റ് സ്കീം നടപ്പാക്കുമെന്ന് കായിക-യുവജനകാര്യ വകുപ്പ്.

സംസ്ഥാനത്തെ എല്ലാ കായിക താരങ്ങൾക്കും മികച്ച അടിസ്ഥാന സൗകര്യങ്ങളും ഖേലോ ഇന്ത്യ സെന്റർ ഫോർ ഓഫ് എക്സലൻസ് സ്ക്കീമിന്റെ കീഴിലുള്ള പരിശീലന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് നടപടി. മുൻപ് കായിക വിദ്യാലയങ്ങൾ മാത്രമാണ് എലൈറ്റ് സ്കീം പരിധിയിൽ ഉണ്ടായിരുന്നത്.

&&&&&&&&&&&&&&&&&&

## ആലപ്പുഴ -റെയിൽവേ ഗേറ്റുകൾ (ഇൻട്രോ)

ആലപ്പുഴയിൽ തീരദേശ റെയിൽപാതയിൽ റെയിൽവേ ഗേറ്റുകൾ ഓട്ടോമാറ്റിക് സംവിധാനത്തിലേക്ക് നീങ്ങുന്നു.

സിറ്റിയിൽ പ്രവർത്തിക്കുന്ന ഗേറ്റുകളാണ് പ്രവർത്തനം തുടങ്ങിയത്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ......**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## പ്ലസ് വൺ സ്പോർട്സ് ക്വാട്ട

സംസ്ഥാനത്ത് 2025- 26 അധ്യയന വർഷത്തെ പ്ലസ് വൺ സ്പോർട്സ് ക്വാട്ട ഓൺ ലൈൻ രജിസ്ട്രേഷൻ ഇന്ന് ആരംഭിക്കും. 2023 ഏപ്രിൽ ഒന്നു മുതൽ 2025 മാർച്ച് 31 വരെയുള്ള സർട്ടിഫിക്കറ്റുകളാണ് സ്പോർട്സ് ക്വാട്ടയ്ക്ക്

RNUTVPM

പരിഗണിക്കുക. വിദ്യാഭ്യാസ വകുപ്പിന്റെ HSCAP GATE WAY എന്ന ഏകജാലക സംവിധാനത്തിലൂടെയാണ് അപേക്ഷ നൽകേണ്ടത്.

&&&&&&&&&&&&&&&&&&

**മന്ത്രി ഒ.ആർ കേളു**

ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഭവന രഹിതരായ പട്ടികവർഗ്ഗ വിഭാഗകാർക്കായി നിർമ്മിച്ച വീടുകളുടെ താക്കോൽ കൈമാറ്റവും, പട്ടികവർഗ്ഗ വികസന വകുപ്പ് വാങ്ങിയ ഭൂമിയുടെ പട്ടയ വിതരണവും ഇന്ന് വയനാട് മീനങ്ങാടിയിൽ മന്ത്രി ഒ ആർ കേളു നിർവഹിക്കും. എംഎൽഎ ഐസി ബാലകൃഷ്ണൻ അധ്യക്ഷനാകും.

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 4**

**മഴ**

സംസ്ഥാനത്ത് കാലവർഷം അടുത്ത രണ്ട് ദിവസത്തിനുള്ളിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അറബിക്കടലിലെയും, ബംഗാൾ ഉൾക്കടലിലെയും ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴ തുടരും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 5**

**ക്രിക്കറ്റ്**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും . രാത്രി 07:30 ന് ലഖ്നൗവിലാണ് മത്സരം.

&&&&&&&&&&&&&&&&&&

RNU TVPM

## മലപ്പുറം - നരഭോജി കടുവ

നരഭോജി കടുവയെ പിടികൂടാൻ മലപ്പുറം കരുവാരകുണ്ട് സുൽത്താന എസ്റ്റേറ്റിനുമുകളിൽ മദാരിക്കുണ്ടിൽ പുതിയ കൂട് സ്ഥാപിച്ചു. നിലവിൽവച്ച രണ്ട് കൂടുകൾക്കുപുറമെയാണ് പുതിയത് സ്ഥാപിച്ചത്. കാളികാവ്, കരുവാരകുണ്ട് പഞ്ചായത്തുകളിലെ ആർത്തല, മഞ്ഞൾപ്പാറ, മദാരികുണ്ട് തുടങ്ങിയ ഭാഗങ്ങളിലാണ് കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചത്. ഈ പ്രദേശങ്ങളിലെ ആളുകൾ പരമാവധി ജാഗ്രത പുലർത്തണമെന്നും രാവിലെയും വൈകിട്ടും ഒറ്റയ്ക്കുള്ള സഞ്ചാരം ഒഴിവാക്കണമെന്നും വനം വകുപ്പ് നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## കാട്ടാനക്കൂട്ടം - മലപ്പുറം

മലപ്പുറം തണ്ണിക്കടവ് ജനവാസ മേഖലയിൽ വ്യാപക കൃഷിനാശം വിതച്ച് കാട്ടാനക്കൂട്ടം. സ്വകാര്യ വ്യക്തികളുടെ കൃഷികളാണ് നശിപ്പിച്ചത്. കരിയംമുരിയം വനത്തിൽ നിന്നുമാണ് കാട്ടാനകൾ കൃഷിയിടങ്ങളിലേക്കിറങ്ങുന്നത്. ഒരു മാസത്തിലധികമായി പ്രദേശത്ത് കാട്ടാനശല്യം രൂക്ഷമാണെന്ന് കർഷകർ പറഞ്ഞു. വനാതിർത്തിയിൽ വനം വകുപ്പ് സ്ഥാപിച്ച ഫെൻസിങ് തകർത്താണ് കാട്ടാനകൾ കൃഷിയിടങ്ങളിലേക്ക് എത്തുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഇടമലക്കുടി - കാട്ടാനശല്യം

ഇടുക്കിയിലെ ഇടമലക്കുടിയിൽ കാട്ടാനശല്യം രൂക്ഷം. കുടുംബശ്രീ ചെയർപേഴ്സൺ അമരാവതിയുടെ വീട് ഇന്ന് പുലർച്ചെ കാട്ടാന തകർത്തു. വീട്ടിലുണ്ടായിരുന്ന കുടുംബാംഗങ്ങൾ പുറത്തേക്കിറങ്ങി ഓടിയതിനാൽ തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്.

&&&&&&&&&&&&&&&&&&

## സ്വർണ്ണം/ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 876 പോയിന്റ് നേട്ടത്തിൽ 81,828 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 273 പോയിന്റ് ഉയർന്നു 24,883

ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 280 രൂപ കുറഞ്ഞു 71,520 രൂപയും, ഗ്രാമിന് 8,940 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും അറിയിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM